**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3136** **04-08-2021 - ൽ മറുപടിയ്ക്ക്**

**മലമ്പുഴ മണ്ഡലത്തിലെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ആഭ്യന്തര വകുപ്പ് മുഖാന്തിരം മലമ്പുഴ മണ്ഡലത്തിൽ എന്തെല്ലാം പദ്ധതികൾ ആണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ? | (എ) | പാലക്കാട് ജില്ലാ ജയിലിന്റെ പ്രവൃത്തികൾക്കായി 2016-17 -ൽ 3.07 കോടി രൂപ വകയിരുത്തി ജയിലിന്റെ പ്രവൃത്തികൾ പൂർത്തിയാക്കി 09.07.2019 ൽ ജയിൽ ഉദ്ഘാടനം നടത്തി. 35 ലക്ഷം രൂപ വകയിരുത്തി ജില്ലാ ജയിലിൽ CCTV സംവിധാനം സ്ഥാപിച്ചു. പാലക്കാട് ജില്ലാ ജയിലിൽ 13,62,494/- രൂപ ചെലവിൽ വീഡിയോ കോൺഫറൻസിംഗ് സംവിധാനം സ്ഥാപിച്ചു. ജയിലിൽ അഗ്നിശമന സംവിധാനം (9,80,000/- രൂപ), വാട്ടർ കണക്ഷൻ (2,68,517/-രൂപ) EPABX-LAN സംവിധാനം (1,40,000/-രൂപ) എന്നിവ സ്ഥാപിച്ചു. ജയിലിലെ ബോർ വെൽ (27,045/- രൂപ) ഉപയോഗ യോഗ്യമാക്കി. ജയിലിൽ ബുക്ക് ബൈൻഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിന് 2020-21 ലെ തടവുകാരുടെ ക്ഷേമം വാർഷിക പദ്ധതിയിൽ 14,00,000/-രൂപ വകയിരുത്തി ഇതിനുള്ള യന്ത്ര സാമഗ്രികൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. 'ജയിലുകളുടെ നവീകരണം' വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 14,29,023/- രൂപ ചെലവിൽ പാലക്കാട് ജില്ലാ ജയിലിലേക്ക് ഒരു ആംബുലൻസ്, 4,13,000/- രൂപ ചെലവിൽ ഡോർ ഫ്രെയിം മെറ്റൽ ഡിറ്റക്ടർ എന്നിവ ലഭ്യമാക്കി. ഇ-പ്രിസൺ ആപ്ലിക്കേഷനും ഇ-ഫയൽ ആപ്ലിക്കേഷനും നടപ്പിലാക്കി. എം.എൽ.എ ഫണ്ട് ഉപയോഗിച്ച് രണ്ട് ലക്ഷം രൂപ ചെലവിൽ മലമ്പുഴ-മന്തക്കാട് ജയിൽ റോഡ് നിർമ്മിച്ചു. 1,49,907/- രൂപ ചെലവിൽ തൊഴുത്തു നിർമ്മിച്ചു. മലമ്പുഴ പോലീസ് സ്റ്റേഷനിൽ 2019-20 State Plan Scheme പ്രകാരം അംഗപരിമിതർക്കുള്ള Ramp & Disabled toilet (നാല് ലക്ഷം രൂപ), Women &Child Friendly Space (ആറ് ലക്ഷം രൂപ) എന്നിവ നിർമ്മിച്ചു. മലമ്പുഴ പോലീസ് സ്റ്റേഷൻ സ്മാർട്ട് പോലീസ് സ്റ്റേഷൻ ആക്കി മാറ്റുന്നതിന് അഞ്ച് ലക്ഷം രൂപയും |

| | | | |
|---|---|---|---|
| | | | ചെലവഴിച്ചു. ഹേമാംബികനഗർ പോലീസ് സ്റ്റേഷനിൽ 2017-18 State Plan Scheme പ്രകാരം Reception, Rest Room, Senior Citizen help desk, child friendly room എന്നിവയ്ക്കായി നാല് ലക്ഷം രൂപയും അംഗപരിമിതർക്കുള്ള Ramp &Disabled Toilet നിർമ്മിക്കുന്നതിനായി നാല് ലക്ഷം രൂപയും ചെലവഴിച്ചു. അഗ്നി രക്ഷാ സേവന വകുപ്പിൽ സിവിൽ ഡിഫൻസ് നടപ്പിലാക്കിയതിന്റെ ഭാഗമായി മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് അഗ്നിരക്ഷാ നിലയത്തിൽ സിവിൽ ഡിഫൻസ് സംവിധാനം ആരംഭിച്ചു. വാർഷിക പദ്ധതിയിനത്തിലെ ഫണ്ട് ഉപയോഗിച്ച് കഞ്ചിക്കോട് നിലയത്തിൽ വിവിധ അഗ്നി രക്ഷാ ഉപകരണങ്ങളും വാഹനങ്ങളും ലഭ്യമാക്കി. |

സെക്ഷൻ ഓഫീസർ